# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2364** **07.10.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## തരിശു രഹിത കേരളം

ചോദ്യം
**ശ്രീ.മുല്ലക്കര രത്നാകരൻ**

മറുപടി
**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) തരിശു രഹിത കേരളം എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായി കൃഷിവകുപ്പ് ഏതെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ? | എ) സംസ്ഥാനത്തെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി നെൽകൃഷിയും പച്ചക്കറി കൃഷിയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തരിശുനിലങ്ങൾ നെൽകൃഷി ചെയ്യുന്നതിനായി സഹായധനമായി ഹെക്ടറിന് 30000/- രൂപ നൽകുന്നതിനുള്ള പദ്ധതിയും, ആസൂത്രണം ചെയ്തിട്ടുണ്ട്. ആർ.കെ.വി.വൈ പ്രകാരം ഹെക്ടറിന് 7500 രൂപാനിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഒരുപ്പൂ കൃഷി ഇരുപ്പൂ ആക്കുന്നതിനും, ഇരുപ്പൂ കൃഷി മൂന്നു പൂ കൃഷി ആക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016-17 – ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻ കീഴിൽ തരിശുഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. |

S. [signature]
സെക്ഷൻ ഓഫീസർ